# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 22, വ്യാഴം

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ജൂലൈ 22-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചരമോപചാരം

കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണം

ചോദ്യോത്തരവേളയ്ക്ക് മുമ്പായി മുൻ മന്ത്രി കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട

സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ വി. ജോയി, മുഹമ്മദ് മുഹസിൻ, എൻ. എ. നെല്ലിക്കുന്ന് എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III. അടിയന്തരപ്രമേയം

സ്ത്രീപീഡന കേസ് ഒതുക്കിത്തീർക്കാനുള്ള ശ്രമം

മി. സ്പീക്കർ: കൊല്ലം ജില്ലയിലെ കുണ്ടറയിൽ പ്രാദേശിക രാഷ്ട്രീയ നേതാവിന്റെ മകൾ നൽകിയ പരാതി ഒതുക്കിത്തീർക്കാൻ സംസ്ഥാന വനം വകുപ്പുമന്ത്രി പരാതിക്കാരിയുടെ അച്ഛനെ ഫോണിൽ വിളിച്ചതുമൂലം കേരള സമൂഹത്തിൽ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തന്നെ മോശമായി ചിത്രീകരിക്കുന്ന സന്ദേശങ്ങളും പത്മാകരൻ എന്നയാളുടെ വോയിസ് ക്ലിപ്പും എൻ.സി.പി., കൊല്ലം എന്ന വാട്ട്സാപ്പ് ഗ്രൂപ്പിലൂടെ പ്രചരിക്കുന്നതായും ഫെയ്സ് ബുക്കിൽ ഫോട്ടോയും പേരും ഉപയോഗിച്ച് വ്യാജ അക്കൗണ്ടുകൾ ഉണ്ടാക്കി അപകീർത്തിപ്പെടുത്തിയിരുന്നതായും പരാതിക്കാരി 28-06-2021-ൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ ഹാജരായി പരാതി നൽകിയിരുന്നു. കൂടാതെ ഒരിക്കൽ റോഡിലൂടെ പോകുമ്പോൾ പത്മാകരൻ കയ്യിൽ കയറി പിടിച്ചുവെന്നും പരാതിയിലുള്ളതായി പോലീസ് റിപ്പോർട്ടിൽ പറയുന്നുണ്ട്. പരാതിക്കാരിയെയും പത്മാകരനെയും 30-6-2021-ൽ സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചെങ്കിലും പരാതിക്കാരി ഹാജരായിരുന്നില്ല. 1-7-2021-ൽ സ്റ്റേഷനിൽ ഹാജരായ പരാതിക്കാരിയോട് വിശദാംശങ്ങൾ ആരാഞ്ഞെങ്കിലും വാട്ട്സാപ്പിലൂടെ പ്രചരിച്ചതായി പറയുന്ന സന്ദേശങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭിച്ചില്ല. മേൽപ്പറഞ്ഞ പരാതിയിൽ 20-07-2021-ൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. എഫ്.ഐ.ആർ. ഇടാൻ കാലതാമസമുണ്ടായത് സംബന്ധിച്ച് പോലീസ് മേധാവി അന്വേഷിക്കുന്നതാണ്. പരാതിയുടെ നിജസ്ഥിതി ശരിയായ രീതിയിൽ

അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് സംസ്ഥാന വനം വകുപ്പുമന്ത്രി പീഡനത്തിനിരയായ പരാതിക്കാരിയുടെ അച്ഛനെ ഫോണിൽ വിളിച്ച് ഒത്തുതീർപ്പിന് ശ്രമിച്ചുവെന്ന വാർത്ത പുറത്തുവരുന്നത്. ഭരണഘടനയുടെ മൂല്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനായ മന്ത്രി പരാതി ഒതുക്കിത്തീർക്കാൻ മുൻകയ്യെടുക്കുന്നത് സത്യപ്രതിജ്ഞാ ലംഘനമാണ്. പരാതി നൽകി മൂന്നാഴ്ച കഴിഞ്ഞിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്തത് അധികാര ദുർവിനിയോഗമാണ്. കേസ് അട്ടിമറിക്കാൻ ഭരണകൂടവും പോലീസും മന്ത്രിയും പരിശ്രമിച്ചുവെന്നത് വ്യക്തമാണ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്ന ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യക്തമാക്കണം. ഗുരുതരമായ ഭരണഘടനാ ലംഘനവും സത്യപ്രതിജ്ഞാ ലംഘനവും നടത്തിയ മന്ത്രി പദവി രാജിവക്കുകയോ മുഖ്യമന്ത്രി രാജി ആവശ്യപ്പെടുകയോ ചെയ്യണം. ഉത്തരവാദികളായവർക്കും വീഴ്ചവരുത്തിയവർക്കുമെതിരെ നിയമ നടപടി സ്വീകരിക്കാൻ സർക്കാർ

തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ കേസ്സിൽ എഫ്.ഐ.ആർ. ഇടാൻ വൈകിയത് സംബന്ധിച്ച് അന്വേഷിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പരാതിക്കാരിക്ക് പൂർണ്ണ സംരക്ഷണവും നിയമപരമായ പരിരക്ഷയുമുണ്ടാകുമെന്ന് ഉറപ്പുവരുത്തും. ഈ വിഷയത്തിൽ ബഹുമാന്യനായ മന്ത്രി ഇടപെടാനുണ്ടായ സാഹചര്യം അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. കേസ് ദുർബ്ബലപ്പെടുത്തുന്ന തരത്തിലുള്ള ഒരിടപെടലും മന്ത്രി നടത്തിയിട്ടില്ല. കേസന്വേഷണം കാര്യക്ഷമമായിത്തന്നെ നടക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV. ശ്രദ്ധക്ഷണിക്കൽ

### 1. ഇന്ത്യക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള യാത്രാവിലക്ക്

ഡോ. കെ. ടി. ജലീൽ: ഗൾഫ് രാജ്യങ്ങൾ ഇന്ത്യക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള യാത്രാവിലക്ക് നീക്കുന്നതിനും വാക്സിനേഷൻ ലഭിക്കാത്തതുമൂലം പ്രവാസികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും പല രാജ്യങ്ങളും കോവാക്സിൻ അംഗീകരിക്കാത്തത് സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും വിമാന സർവ്വീസ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോവിഡ്-19 മഹാമാരി ലോകമെമ്പാടും വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ജി.സി.സി. രാജ്യങ്ങൾ പ്രഖ്യാപിച്ച യാത്രാവിലക്കുമൂലം പ്രവാസി മലയാളികൾ ആശങ്കയിലാണ്. കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് പ്രവാസികൾക്ക് ചില രാജ്യങ്ങൾ പ്രവേശനാനുമതി നിഷേധിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ എയർപോർട്ടുകളിൽ സൗജന്യ കോവിഡ് ടെസ്റ്റ്, ക്വാറന്റൈൻ സംവിധാനം സജ്ജമാക്കുകയും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ട് കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്

കത്തയയ്ക്കുകയും അതത് രാജ്യങ്ങളിലെ എംബസികളുമായി ആശയവിനിമയം നടത്തി പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

## 2. കോവിഡ് വ്യാപനംമൂലം സ്വകാര്യ വാഹന ഉടമകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: കോവിഡ് വ്യാപനംമൂലം സംസ്ഥാനത്ത് പൊതുഗതാഗതമേഖലയിൽ പ്രവർത്തിക്കുന്ന ഓട്ടോ, ടാക്സി, ടൂറിസ്റ്റ് പെർമിറ്റ് വാഹനങ്ങൾ, സ്വകാര്യ ബസ്സുകൾ, സ്കൂൾ വാഹനങ്ങൾ തുടങ്ങിയവയുടെ ഉടമകളും തൊഴിലാളി കുടുംബങ്ങളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ പശ്ചാത്തലത്തിൽ റിസർവ് ബാങ്കും സർക്കാരും പ്രഖ്യാപിച്ച പദ്ധതികൾ/ ഇളവുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സ്വകാര്യ വാഹന ഉടമകളുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ക്രിയാത്മകമായ ഇടപെടലുണ്ടാകുകയും വാഹനങ്ങളുടെ നികുതി ഒഴിവാക്കി താല്ക്കാലിക ആശ്വാസം പ്രഖ്യാപിക്കുകയും ചെയ്യണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ഡൗൺ ഏർപ്പെടുത്തിയതിനാൽ വിവിധ വിഭാഗം വാഹനങ്ങളുടെ നികുതി ഒഴിവാക്കുകയും നികുതി അടയ്ക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സ്റ്റേജ്

കാര്യേജുകളുടെയും കോൺട്രാക്ട് കാര്യേജുകളുടെയും ഈ വർഷത്തെ നികുതി ഒഴിവാക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിശോധിച്ചുവരികയാണ്. വാഹന സംബന്ധമായ എല്ലാ രേഖകളുടെയും കാലാവധി 30-09-2021 വരെ ദീർഘിപ്പിക്കുകയും ബാങ്ക് ലോൺ തവണകളിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും ടി കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലോക്ഡൗൺമൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മോട്ടോർ തൊഴിലാളികൾക്ക് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ധനസഹായം നൽകുകയും 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കി നൽകുകയും ചെയ്തിട്ടുണ്ട്.

## V. സബ്മിഷൻ

### 1. പി. എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): കാലാവധി പൂർത്തിയാകുന്ന പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ സമയപരിധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 05-02-2021 മുതൽ 03-08-2021 വരെ കാലാവധി പൂർത്തിയാക്കുന്ന വിവിധ റാങ്ക് ലിസ്റ്റുകളുടെ ദീർഘിപ്പിച്ച കാലാവധി ആഗസ്റ്റ് 4-ന് അവസാനിക്കുന്നതിനാൽ അതുവരെയുള്ള മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യാനും എൻട്രി കേഡറിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ആയതിന്റെ കൃത്യത പരിശോധിക്കുന്നതുമാണ്. കോവിഡ്-19 വ്യാപനംമൂലം മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപന തീവ്രത കുറഞ്ഞാലുടൻ

പുനരാരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ല.

2. തീരദേശ പരിപാലന നിയമത്തിൽ ഇളവ്

ശ്രീ. എം. രാജഗോപാലൻ: തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകി വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2011-ലെ തീരദേശ പരിപാലന നിയമം 2019-ൽ ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിപാലന പ്ലാൻ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഇളവുകൾ ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും പ്ലാനിന്റെ ആദ്യ കരടിലെ അപാകതകൾ പരിശോധിക്കുന്നതിന് മൂന്നംഗ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ സമർപ്പിക്കുന്നതാണ്. വലിയപറമ്പ് ദ്വീപ്

പഞ്ചായത്തിന് പുതിയ വിജ്ഞാപനപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി പരിശോധിക്കുന്നതാണ്.

### 3. സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ

ശ്രീ. കെ. പി. മോഹനൻ: ചിത്രകാരനായ കെ. ജി. സുബ്രഹ്മണ്യന്റെ നാമധേയത്തിൽ കൂത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠാപുരം കാക്കണ്ണൻപാറയിൽ കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിലാരംഭിച്ച ആദ്യത്തെ കലാഗ്രാമത്തിന് 'കെ. ജി. സുബ്രഹ്മണ്യം കലാഗ്രാമം' എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്; അദ്ദേഹത്തിന്റെ പേരിൽ സാംസ്കാരിക കേന്ദ്രം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### 4. വന്യമൃഗ ശല്യം

ശ്രീ. ആന്റണി ജോൺ: കോതമംഗലത്തെ വിവിധ പഞ്ചായത്തുകളിലെ വന്യമൃഗ ശല്യം തടയുന്നതിനും കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കോതമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിന് സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിനെയും വാച്ചർമാരെയും ഉൾപ്പെടുത്തി സ്ക്വാഡുകൾ രൂപീകരിച്ച് അവയെ തിരികെ കാട്ടിലേയ്ക്ക് വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കാട്ടാനകൾ കടന്നുവരുന്നത് നിരീക്ഷിക്കുന്നതിനും ആക്രമണം തടയുന്നതിനുമായി പെരിയാർ തീരത്ത് നാല് വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതും രാത്രികാലങ്ങളിൽ പ്രത്യേക പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. വന്യമൃഗങ്ങളുടെ കടന്നാക്രമണം കണക്കിലെടുത്ത് മലയോര മേഖലകളിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയമായ നിർദ്ദേശങ്ങളടങ്ങുന്ന പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 5. നാളികേര പാർക്ക്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി നാളികേര പാർക്കിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി 2012-ൽ 115.13 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത് 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും വിവിധ കോടതികളിൽ എൽ.എ. കേസുകൾ നിലനിൽക്കുന്നതിനാലും കെ.എസ്.ഐ.ഡി.സി.-ക്ക് നിലവിൽ കുറ്റ്യാടി നാളികേര പാർക്കിന്റെ നിയമപരമായ ഉടമസ്ഥാവകാശം ഇല്ലാത്തതിനാലും പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട് ജില്ലാ ഭരണകൂടവും കെ.എസ്.ഐ.ഡി.സി.-യും ഭൂവുടമകളുമായി ഇടപെട്ട് നിലവിലുള്ള തർക്കങ്ങൾ പരിഹരിച്ച് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

6. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. സി. വിഷ്ണുനാഥ്: കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 550 ലക്ഷം രൂപയും കാപ്പെക്സിന് 500 ലക്ഷം രൂപയും കശുവണ്ടി തൊഴിലാളികൾക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ തൊഴിൽ ലഭ്യമാക്കുന്നതിനും ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനുമായി കേരള കാഷ്യൂ ബോർഡിന് 3,730 ലക്ഷം രൂപയും അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. 2021 ജൂലൈ മുതൽ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് പൂർണ്ണതോതിൽ പ്രവർത്തിക്കുകയും തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമ പദ്ധതികൾ, വേതനം, ബോണസ് തുടങ്ങിയ ആനുകൂല്യങ്ങൾ മുടക്കംകൂടാതെ നൽകിവരികയും ചെയ്യുന്നുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കശുവണ്ടി വ്യവസായികളുടെയും വിവിധ ബാങ്കുകളുടെയും

വായ്പകൾ പുനഃക്രമീകരിക്കുന്നതിനും അതിന് കഴിയാത്ത വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബാങ്ക്/വ്യവസായ പ്രതിനിധികളെ ഉൾപ്പെടുത്തി വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരെ റിക്കവറി നടപടികൾ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്.

## 7. മത്സ്യബന്ധന തുറമുഖം

ശ്രീ. ഇ. ചന്ദ്രശേഖരൻ: അജാനൂർ മത്സ്യബന്ധന തുറമുഖം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ഹോസ്ദുർഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ഗവേഷണം നടത്തുന്നതിനായി ഭരണാനുമതി നൽകുകയും പഠന ഏജൻസിയായി സി.ഡബ്ല്യൂ.പി.ആർ.എസ്.-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചാൽ മാത്രമെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ കഴിയൂ.

അജാന്തരിൽ പ്രത്യേക യോഗം നടത്തി ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

## 8. ഡ്രഡ്ജിംഗ്

ഡോ. സുജിത് വിജയൻപിള്ള: അഷ്ടമുടിക്കായലിൽ ദളവാപുരം പാലത്തിനും നീണ്ടകര പാലത്തിനും ഇടയിലുള്ള ഭാഗത്ത് ഡ്രഡ്ജിംഗ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): നീണ്ടകര പാലം മുതൽ ദളവാപുരം പാലം വരെയുള്ള ചാനലിന്റെ വീതി കൂട്ടി ആഴം വർദ്ധിപ്പിക്കുന്നതിന് 9.991 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദളവാപുരം പാലത്തിന്റെ അവശിഷ്ടങ്ങൾ കായലിൽനിന്നും നീക്കം ചെയ്യാത്തതിനാൽ ഡ്രഡ്ജറുകൾക്ക് സ്ഥിരമായി കേടുപാടുകൾ സംഭവിക്കുന്ന പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## 9. താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗങ്ങളിൽ കൂടുതൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ

സൃഷ്ടിച്ച് വണ്ടൂർ താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വണ്ടൂർ താലൂക്കാശുപത്രിയിൽ 12 ഡോക്ടർമാരുൾപ്പെടെ 57 സ്ഥിരം ജീവനക്കാർക്കുപുറമെ 35 താൽക്കാലിക ജീവനക്കാരുമുണ്ട്. അവിടെ അധിക തസ്തികകൾ സൃഷ്ടിച്ച് പ്രസവ ചികിത്സ തുടങ്ങണമെന്ന ആവശ്യത്തിന്മേൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

10. എസ്.എം.എ. രോഗികൾക്കുള്ള ചികിത്സാ ആനുകൂല്യങ്ങൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ.) രോഗത്തിന്റെ ചികിത്സാചെലവുകൾ സർക്കാർ ഏറ്റെടുക്കുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മരുന്നിന് നികുതി ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് തുക നീക്കിവയ്ക്കണമെന്ന

ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2020 നവംബറിൽ 50 ലക്ഷം രൂപയും കേന്ദ്ര സർക്കാർ നൽകിയ ഒന്നര കോടി രൂപയും കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ നൽകിയ 5 ലക്ഷം രൂപയും പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലാഭകരമായ പൊതുമേഖലാ/കോർപ്പറേറ്റ് സ്ഥാപനങ്ങളിൽനിന്ന് സി.എസ്.ആർ. ഫണ്ട് സമാഹരിച്ച് 2021-22 വർഷത്തിൽ 50 ലക്ഷം രൂപ കൂടി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യ സുരക്ഷാ മിഷൻ കൈക്കൊണ്ടുവരികയാണ്. എസ്.എം.എ. രോഗത്തിനുള്ള മരുന്നിന്റെ ലഭ്യതയും ചികിത്സയും സംബന്ധിച്ച് പഠിക്കാൻ ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും അപൂർവ്വവും ചികിത്സാ ചെലവ് കൂടിയതുമായ രോഗങ്ങളുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനുള്ള പൊതുമാർഗ്ഗരേഖ തയ്യാറാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയുമാണ്. വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന മരുന്നുകൾക്ക് നികുതിയിളവ് നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തു വച്ചു.

## VII. റിപ്പോർട്ട് സമർപ്പണം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ഒന്നാമത് റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VIII. ക്രമപ്രശ്നം

നിയമസഭാ ചട്ടലംഘനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച നടത്തുന്നത് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 143 (1)-ന്റെ ലംഘനമാണ്. നടപടിക്രമങ്ങൾക്ക് വിരുദ്ധമായാണ് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ഇന്ന് നടത്തുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ബലിപെരുനാൾ പ്രമാണിച്ച് 21-7-2021-ന് ആരംഭിക്കേണ്ടിയിരുന്ന സഭാസമ്മേളനം 22-ാം തീയതിയിലേയ്ക്ക് മാറ്റിയതിനാലാണ് റിപ്പോർട്ട് സമർപ്പണവും ചർച്ചയും ഒരേ

ദിവസം നടത്തേണ്ടിവന്നത്. അസാധാരണ സാഹചര്യത്തിലാണ് ഇത്തരമൊരു തീരുമാനമെടുത്തത്.

**റൂളിംഗ്**

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ ദിവസമായ ഇന്നാണ് 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 143 (1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റി സൂക്ഷ്മപരിശോധനാ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസമാണ് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. അതാണ് കീഴ്വഴക്കവും. 2021 ജൂലൈ 21-ാം തീയതി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന സമ്മേളനം ബലിപെരുനാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം വരുത്തി ഇന്ന് ചേരാൻ തീരുമാനിച്ചത്. കോവിഡ് പശ്ചാത്തലത്തിൽ ചേരുന്ന സഭാ സമ്മേളനത്തിൽ സാരമായ മാറ്റങ്ങൾ വരുത്താൻ സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സഭയിൽ സമർപ്പിക്കുന്ന അതേ ദിവസംതന്നെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ആരംഭിച്ച സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിന് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ മുൻകൂറായി ഇന്ന് രാവിലെതന്നെ ബഹുമാനപ്പെട്ട അംഗങ്ങളുടെ ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## IX. ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (330,41,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (402,01,19,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

## X. അറിയിപ്പ്

റിപ്പോർട്ടുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയത് സംബന്ധിച്ച്

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും ഇ-നിയമസഭ ആപ്ലിക്കേഷനിലെ ഡോക്യുമെന്റ്സ് അദേഴ്സ് എന്ന ഫോൾഡറിലും നിയമസഭാ വെബ്സൈറ്റിലെ കമ്മിറ്റീസ് എന്ന പേജിലും ലഭ്യമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും അത് ഉപയോഗപ്പെടുത്താവുന്നതാണ്. നിയമസഭാ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞവ അച്ചടിച്ച് വിതരണം ചെയ്യുന്നതല്ലെന്ന വിവരം അറിയിക്കുന്നു.

**ധനകാര്യം തുടർച്ച**

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനപക്ഷ നയങ്ങളും വികസന പദ്ധതികളും നടപ്പിലാക്കിയതിനാലാണ് എൽ.ഡി.എഫ്.-നെ വീണ്ടും അധികാരത്തിലെത്തിച്ചത്. സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനും കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിക്കാനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാധിച്ചിട്ടുണ്ട്. കിഫ്ബി വഴി നടപ്പിലാക്കിയ വിവിധ വികസനപദ്ധതികൾ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയിട്ടുണ്ട്. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി ആയിരത്തിലേറെ ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. അഞ്ച് വർഷം കൊണ്ട് 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ബഡ്ജറ്റിൽ സമസ്ത മേഖലകൾക്കും ഊന്നൽ നൽകി നവകേരളം യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് മാനേജ്മെന്റിൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ പരാജയമായിരുന്നുവെന്നാണ് ദേശീയ മാധ്യമങ്ങളുടെ വിലയിരുത്തൽ. ആഗസ്റ്റ് 4 വരെ കാലാവധി നീട്ടിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന്

യഥാസമയം നിയമനം നടത്താത്തതിനാൽ കാലാവധി വീണ്ടും നീട്ടുന്നതിന് നടപടി സ്വീകരിക്കണം. സൈബർ ക്രൈം കേസുകൾ അന്വേഷിക്കുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യാ പരിജ്ഞാനം നൽകുന്നതിനും ക്രൈംമാപ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനം സമ്പൂർണ്ണമാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കി ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. സി.എം.ഡി.ആർ.എഫ്.-ലേയ്ക്കുള്ള അപേക്ഷ ഓൺലൈനാക്കുന്നതിനും അനുവദിക്കുന്ന തുക അപേക്ഷകന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് രോഗികളുടെ വർദ്ധനവ് കണക്കിലെടുത്ത് കേരളത്തിന് കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കോവിഡ്

മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന വിദഗ്ധസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ രോഗവ്യാപന തോതറിയാൻ seroprevalence survey നടത്താനും അശാസ്ത്രീയമായ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക അസമത്വം ഇല്ലാതാക്കി സാമൂഹ്യപരമായ ലക്ഷ്യങ്ങൾ കൈവരിച്ച് വികസനോന്മുഖമായ കാഴ്ചപ്പാട് നിലനിർത്തി സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആരോഗ്യരംഗത്തും ദാരിദ്ര്യ ലഘൂകരണ പ്രക്രിയയിലും വികസന ലക്ഷ്യങ്ങളുടെ കാര്യത്തിലും മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളം മുമ്പിലാണ്.

ശ്രീ. മോൻസ് ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മരംമുറി വിവാദവുമായി ബന്ധപ്പെട്ട വിവരാവകാശ രേഖകൾ നൽകിയതിന്റെ പേരിൽ റവന്യൂ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥയുടെ ഗുഡ്സർവ്വീസ് എൻട്രി പിൻവലിച്ച നടപടി അപലപനീയമാണ്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ജനസംഖ്യാനുപാതികമായി വിതരണം ചെയ്യാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ കുറവുവന്നവർക്ക് തിരികെ

നൽകാനുള്ള ഇടപെടലുണ്ടാകണം. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസത്തേയ്ക്ക് കൂടി നീട്ടാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളീയ രാഷ്ട്രീയ ചരിത്രത്തിലെ ദിശാമാറ്റമാണ് രണ്ടാം പിണറായി സർക്കാർ. കേരളത്തെ അതീവ ദരിദ്രരില്ലാത്ത സംസ്ഥാനമായും കേരളീയ ജനതയെ വിജ്ഞാന സമൂഹമായും മാറ്റാനുള്ള ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുണ്ടായ ഓഖി, നിപ, പ്രളയം മുതലായ മഹാദുരന്തങ്ങളെയെല്ലാം ഫലപ്രദമായി പ്രതിരോധിക്കുകയും ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തതിന്റെ അംഗീകാരമാണ് തുടർഭരണം. കാർഷിക വിളകൾക്ക് താങ്ങുവില പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. കൃഷി, ആരോഗ്യം, തീരദേശ സംരക്ഷണം തുടങ്ങി സമസ്ത മേഖലകളുടെയും വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കോവിഡ് മരണങ്ങളുടെ യഥാർത്ഥ കണക്കുകൾ ജോയിന്റ് പാർലമെന്റ്

സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകണം. അവിവാഹിതരായ അമ്മമാർക്കും കൈത്തറി തൊഴിലാളികൾക്കുമുള്ള കൂലി കുടിശ്ശികയായതും പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നൽകേണ്ട ധനസഹായം യഥാസമയം നൽകാത്തതും അപലപനീയമാണ്. നിയമവിധേയമായി പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ ഗുഡ്സർവ്വീസ് എൻട്രി റദ്ദാക്കിയത് അനഭിലഷണീയമാണ്.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും അതിജീവിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളും സുസ്ഥിര വികസന പദ്ധതിയിൽ കേരളം മികവ് പുലർത്തിയതും പ്രശംസനീയമാണ്. കേരളത്തെ പ്ലാസ്റ്റിക് മുക്തമാക്കാൻ നടപടി സ്വീകരിക്കണം. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക ഭദ്രത കൈവരിക്കാനാവശ്യമായ നടപടി സ്വീകരിച്ചതും സമസ്ത മേഖലകളിലും വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. എം. എം. മണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും പ്രകടനപത്രികയിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് തുടർഭരണം സാധ്യമായത്. പ്രകൃതിദുരന്തങ്ങളെയും

പകർച്ചവ്യാധികളെയും അതിജീവിക്കാനും കിഫ്ബിയിലൂടെ 140 മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും സാധിച്ചത് സ്വാഗതാർഹമാണ്. ഗവൺമെന്റിന്റെ ജനക്ഷേമപ്രവർത്തനങ്ങളെ എതിർക്കുന്ന നിലപാടിൽനിന്ന് പ്രതിപക്ഷം പിന്മാറണം. കോവിഡ് മഹാമാരിയെ നേരിടാൻ എല്ലാവരും യോജിച്ച് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തി നവകേരളം സൃഷ്ടിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. സാമൂഹ്യസുരക്ഷാ പെൻഷനുകൾ 1600 രൂപയാക്കി വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തതും ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നിർമ്മിച്ചുനൽകിയതും നൂറ് ദിന കർമ്മ പദ്ധതിയിൽ 10000 വീടുകൾ നിർമ്മിച്ച് നൽകുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയതും കോവിഡ് പ്രതിസന്ധി മറികടക്കാൻ 20000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്.

ഡോ. കെ. ടി. ജലീൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങൾക്കും തുല്യപരിഗണന നൽകുന്ന ഗവൺമെന്റാണിത്. എല്ലാ നിയോജകമണ്ഡലങ്ങളിലും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ ആരംഭിച്ചതും നാഷണൽ ഹൈവേ, ഗെയിൽ വാതക പൈപ്പ്ലൈൻ തുടങ്ങിയവ യാഥാർത്ഥ്യമാക്കിയതും ഗവൺമെന്റിന്റെ നേട്ടമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ്-19 വ്യാപനം കുറയ്ക്കുന്നതിനും അതുമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും വാക്സിൻ എല്ലാവർക്കും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധിമൂലമുള്ള കടുത്ത സാമ്പത്തിക മാന്ദ്യത്തിൽനിന്ന് കരകയറുന്നതിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളെ പ്രതിപക്ഷം പിന്തുണയ്ക്കണം. വിലക്കയറ്റം, ഇന്ധനവില വർദ്ധന തുടങ്ങി കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ശക്തമായി

പ്രതിഷേധിക്കണം. സംസ്ഥാന സർക്കാർ ആരോഗ്യ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് നൽകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി സ്വീകരിക്കണം. മരംമുറി വിവാദവുമായി ബന്ധപ്പെട്ട വിഷയം മുഖ്യമന്ത്രി പരിശോധിക്കണം. വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകിയ ഉദ്യോഗസ്ഥയുടെ 'ഗുഡ്സർവ്വീസ് എൻട്രി' പിൻവലിച്ച നടപടി അപഹാസ്യമാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറ് മാസത്തേയ്ക്കുകൂടി നീട്ടാനും ന്യൂനപക്ഷ സ്കോളർഷിപ്പ് പുനർ നിർണ്ണയിച്ചതിലുള്ള അപാകതകൾ പരിഹരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മികച്ച പ്രതിരോധ സംവിധാനങ്ങളുടെ ഫലമായി സംസ്ഥാനത്ത് പകുതിയിൽ താഴെ ജനങ്ങൾക്ക് മാത്രമാണ് കോവിഡ് - 19 ബാധിച്ചിട്ടുള്ളത്. സർക്കാർ ആശുപത്രികളിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെട്ട 250-ഓളം ആശുപത്രികളിലും കോവിഡ് ചികിത്സ സൗജന്യമാക്കുകയും സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് സർക്കാർ നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് ചട്ടങ്ങൾ പാലിക്കുകയും വാക്സിനേഷൻ

കൃത്യസമയത്ത് സ്വീകരിക്കുകയും ചെയ്താൽ രോഗ വ്യാപനത്തോത് കുറയ്ക്കാനാകും. കോവിഡിന്റെ മൂന്നാം തരംഗത്തിൽ കുട്ടികൾക്കുണ്ടാകാനിടയുള്ള മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം കണ്ടെത്താൻ ലാബ് സൗകര്യമടക്കം ഏർപ്പെടുത്തിയിട്ടുണ്ട്. ഐ.സി.എം.ആർ. മാനദണ്ഡപ്രകാരം കോവിഡ് മരണം കണക്കാക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ കേന്ദ്രമാക്കി സൈബർ ഡോം പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പ് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് മാറ്റമില്ലാതെയും പരാതിയുള്ള വിഭാഗത്തിന് ജനസംഖ്യാനുപാതികമായും ലഭ്യമാക്കും. സംസ്ഥാനങ്ങളുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ സംബന്ധിച്ച നീതി ആയോഗിന്റെ ഇൻഡക്സിൽ കേരളം ഒന്നാം സ്ഥാനത്താണ്. ചിട്ടയായ പ്രവർത്തനംകൊണ്ട് മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുവാൻ കേരളത്തിന് കഴിഞ്ഞു. ടൂറിസത്തിന്റെയും ഭിന്നശേഷി

സൗഹൃദത്തിന്റെയും കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. ജനങ്ങളുടെ ജീവിത നിലവാരവും നാടിന്റെ വികസന നിലവാരവും ഉയർത്തുന്നതിൽ സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പ്രതിസന്ധി ഘട്ടത്തിലും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും ക്രമസമാധാനം നിലനിർത്താനും സർക്കാരിന് കഴിഞ്ഞു. സ്ത്രീധന നിരോധന നിയമങ്ങളും ചട്ടങ്ങളും ശക്തവും പഴുതുറ്റതുമാക്കുന്നതിന് വ്യാപകമായ ബോധവൽക്കരണം നൽകാൻ ശ്രമിക്കുന്നതാണ്. ലൈഫ് മിഷന്റെ ഭാഗമായി 2,63,296 വീടുകൾ പൂർത്തീകരിച്ചു, നൂറ് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 10,000 വീടുകൾകൂടി പൂർത്തീകരിക്കുന്നതാണ്. അഞ്ച് വർഷംകൊണ്ട് എല്ലാവർക്കും പാർപ്പിടം എന്ന നയം സർക്കാർ നടപ്പാക്കും.

വ്യവസായികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സംസ്ഥാന തലത്തിൽ ഒരു Statutory Grievance Redressal Committee രൂപീകരിക്കുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നപ്രകാരം നൽകുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അഴിമതിയില്ലാത്ത വികസനോന്മുഖ സിവിൽ സർവ്വീസ് എന്ന പ്രഖ്യാപിത ലക്ഷ്യത്തിലൂടെ സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓഫീസിലെത്താതെ തന്നെ ലഭ്യമാക്കുന്നതാണ്. സേവനാവകാശനിയമം

സമയബന്ധിതമായി പരിഷ്കരിക്കും. പട്ടയഭൂമിയിൽ മരം മുറിക്കുന്നതിന് നൽകിയ അനുവാദം ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കും. ഗുഡ്സർവ്വീസ് എൻട്രിയുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വൻ മൂലധനച്ചെലവുള്ള പദ്ധതികൾ നടപ്പിലാക്കാൻ കടമെടുക്കേണ്ടിവരും. സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുന്ന വൻ നിക്ഷേപങ്ങളുടെ പുരോഗതി കൃത്യമായി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഗെയ്ൽ പൈപ്പ് ലൈൻ, ദേശീയപാതാ വികസനം, പുതുക്കിപ്പണിത പാലാരിവട്ടം പാലം എന്നിവയുടെ പൂർത്തീകരണവും മെട്രോറെയിലിന്റെ അടുത്തഘട്ടവുമടക്കം ഈ കാലഘട്ടത്തിൽ ഏറ്റെടുക്കുന്ന എല്ലാ പദ്ധതിയും പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. നവകേരള സൃഷ്ടിക്കായുള്ള വികസന പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം

നമ്പർ ധനാഭ്യർത്ഥനയും 37-നെതിരെ 84 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.

* * * * *